(ബി) സാദ്ധ്യതാപഠനംനടത്തി വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമെന്ന് കണ്ടാൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ ജീവനക്കാരുടെ ലഭ്യതയും അനുസരിച്ച് പുതിയ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചീക്കിലോട്, കണ്ണാടിപ്പൊയിൽ എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ

122 (136) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ നന്മണ്ട പഞ്ചായത്തിലെ ചീക്കിലോട്, പനങ്ങാട് പഞ്ചായത്തിലെ കണ്ണാടിപ്പൊയിൽ എന്നീ സ്ഥലങ്ങളിൽ മാവേലിസ്റ്റോർ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

ഉണ്ട്. നന്മണ്ട പഞ്ചായത്തിൽ ചീക്കിലോടിൽ വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമല്ലാത്തതിനാൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നിർവ്വാഹമില്ല. പനങ്ങാട് പഞ്ചായത്തിൽ കണ്ണാടിപ്പൊയിലിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള സാദ്ധ്യതാപഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമല്ല എന്ന് കണ്ടതിനാലും ഇപ്പോൾ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുന്നതിനാലും ടി പഞ്ചായത്തിൽ മൂന്നാമതൊരു മാവേലിസ്റ്റോർകൂടി തുടങ്ങുന്നതിന് ഇപ്പോൾ പരിഗണന നൽകുന്നില്ല.

കിഴക്കാഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ

123 (137) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വലിയ പഞ്ചായത്തുകളിൽ ഒന്നിലധികം മാവേലിസ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ആലത്തൂർ മണ്ഡലത്തിലെ കിഴക്കാഞ്ചേരി, വണ്ടാഴി പഞ്ചായത്തുകൾ വളരെ വലിയ പഞ്ചായത്തുകളായതിനാൽ മാവേലിസ്റ്റോറുകളിൽ എത്തിപ്പെടുന്നതിന് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് നിലവിൽ ഉള്ളവയ്ക്ക് പുറമേ ഓരോ മാവേലിസ്റ്റോറുകൾകൂടി അവിടങ്ങളിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നിലവിൽ മാവേലിസ്റ്റോറുകളോ സപ്ലൈകോയുടെ മറ്റ് വിൽപ്പന ശാലകളോ ഇല്ലാത്ത പഞ്ചായത്തുകൾക്കാണ് മുൻഗണനനൽകി മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതെങ്കിലും സാമൂഹികവും വാണിജ്യപരവുമായ സാദ്ധ്യതകൾ അടിസ്ഥാനമാക്കി ഒന്നിൽ കൂടുതൽ മാവേലിസ്റ്റോറുകൾ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly